# സിനഡാത്മക സഭാനവീകരണം
# സിനഡ് 2021-'23
## നെയ്യാറ്റിൻകര രൂപത

## 2021 മെയ് 8 ഇടവക സിനഡ്

### ദിവ്യബലിക്കുള്ള ആമുഖം

പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ മെത്രാന്മാരുടെ 16-ാമത് സിനഡ് 2023 ഒക്ടോബറിൽ ചേരുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സിനഡിന് മുന്നൊരുക്കമായി ലോകം മുഴുവനിലുമുള്ള കത്തോലിക്കർ 'സിനഡാത്മക സഭ' എന്ന വിഷയത്തെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണിപ്പോൾ. മൂന്നാം സഹസ്രാബ്ദത്തിലെ സഭയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിന് ദിശാബോധം നൽകുന്ന സിനഡാണിത്. സഭയുടെ സത്താപരമായ ഭാവത്തെ വെളിപ്പെടുത്തുന്ന ഒരുമിച്ചുള്ള ഈ യാത്ര സഭാമേലധ്യക്ഷന്മാരുടെയും പാപ്പായുടെയും മാത്രം സഞ്ചാരമല്ല. മറിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച് സഭാംഗങ്ങളായ മുഴുവൻ വിശ്വാസികളും ഹയരാർക്കിയോടൊപ്പം നടത്തുന്ന അനുധാവനമായതിനാൽ ഇതൊരു പങ്കാളിത്ത സിനഡാണ്. ആയതിനാൽ സഭയുടെ താഴെത്തട്ടിൽ നിന്ന് തുടങ്ങുന്ന മുന്നൊരുക്കത്തിൽ ദൈവകൃപയാൽ നാമെല്ലാവരും ഭാഗമാകുന്നു. ആത്മാവിനാൽ നയിക്കപ്പെടുകയും ഒന്നിച്ച് യാത്രചെയ്യുകയും ചെയ്യുന്ന സഭയെന്ന ലക്ഷ്യം മുൻനിറുത്തി ഇന്നേദിനം ഇടവക സിനഡ് നടത്തപ്പെടുന്നു. വലിയവരുടേതു മാത്രമല്ല ചെറിയവർക്കുമുള്ളതാണ് ഈ ഭൂമിയും ഇതിലെ ആവാസവ്യവസ്ഥയും അനുയാത്രയും എന്ന ധാർമ്മിക ശബ്ദമാണ് കത്തോലിക്കാസഭയിലെ ആഗോള സിനഡിലൂടെ ചർച്ചചെയ്യപ്പെടുന്നത്. ചിതറിക്കുകയും വിഭജിക്കുകയും തട്ടുതിരിക്കുകയും തച്ചുടയ്ക്കുകയും ചെയ്യുന്ന ലോക വീക്ഷണത്തിനും രീതികൾക്കും പകരം പങ്കുവയ്ക്കാവുന്ന ഒതു പുതിയ ജീവിത ക്രമത്തിലേക്കാണ് സിനഡ് ക്ഷണിക്കുന്നത്. ജാതി-മത-വർണ്ണ-വർഗ്ഗ വ്യത്യസ്തതകളില്ലാതെ സകലരെയും ദൈവമക്കളായി കാണുവാനും എവിടെയും ദൈവിക സാന്നിദ്ധ്യം ദർശിക്കാനും സാധിക്കുന്ന തുറവിയുള്ള ക്ഷണമാണിത്. ക്രിസ്തു വിഭാവന ചെയ്ത ദൈവരാജ്യം പടുത്തുയർത്താനുള്ള പ്രേഷിത ദൗത്യമാണിത്. ക്രൈസ്ത ജീവിത ധർമ്മങ്ങളായ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ത്രിമാന സവിശേഷതകളാണ് ഈ സിനഡിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നത്. സകലരെയും ശ്രവിക്കുന്ന കൂടെ നടക്കുന്ന ക്രിസ്തുവിന്റെ പാത പിന്തുടർന്ന് നവയുഗ സൃഷ്ടിക്കായി ഈ സിനഡ് മാറട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം, പ്രത്യാശിക്കാം. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ത്രിമാനദൗത്യങ്ങൾ യാഥാർത്ഥ്യമാകുന്ന പരിശുദ്ധ ബലിയർപ്പണത്തിൽ ഒരേ മനസ്സോടും സജീവ പങ്കാളിത്തത്തോടും പ്രേഷിത ചൈതന്യത്തോടുകൂടെ നമുക്ക് പങ്കുചേരാം.

# വിശ്വാസികളുടെ പ്രാർത്ഥന

**1. പരമ കാരുണികനായ ദൈവമേ,**

അങ്ങയുടെ വിസ്മയനീയ പരിപാലനത്താൽ ക്രിസ്തുവിന്റെ രാജ്യം ഭൂമി മുഴുവനും വ്യാപിപ്പിക്കുന്നതിനും എല്ലാ മനുഷ്യരും ഒരുപോലെ രക്ഷാകര പരിത്രാണത്തിൽ പങ്കുകാരാക്കുന്നതിനും സ്ഥാപിതമായിരിക്കുന്ന തിരുസഭയെ സമർപ്പിക്കുന്നു. സഭയെ നയിക്കുന്ന പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായേയും, മെത്രാന്മാരെയും, വൈദികരേയും അങ്ങയുടെ ആത്മാവാൽ നിറയ്ക്കണമെ. വ്യത്യസ്ഥമായ കാഴ്ചപ്പാടുകളും, വിശ്വാസ സത്യങ്ങളുടെ മൂല്യച്യുതിയും സംഭവിക്കുന്ന ഈ കാലഘട്ടത്തിൽ സഭാമക്കളെ ഒത്തൊരുമയോടെ, ഐക്യത്തോടെ, സിനഡാത്മക ചിന്തയോടെ നയിക്കാൻ വേണ്ട അനുഗ്രഹം നൽകണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**2. കാരുണ്യ നാഥാ,**

ഞങ്ങളുടെ രൂപതയിലെ അജഗണത്തിന്റെ ഇടയനായി അങ്ങ് തെരെഞ്ഞെടുത്ത ഞങ്ങളുടെ അഭിവന്ദ്യ വിൻസെന്റ് സാമുവൽ പിതാവിനെയും ഞങ്ങളുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരേയും അങ്ങ് അനുഗ്രഹിക്കണമെ. വാക്കാലും മാതൃകയാലും എല്ലാവരേയും ശുശ്രൂഷിക്കാനും അങ്ങ് ഭരമേൽപ്പിച്ചിരിക്കുന്ന അജഗണത്തോട് ചേർന്ന് നടക്കാനും, അങ്ങനെ രക്ഷാകരപദ്ധതിയിൽ ഒന്നുചേർന്ന് നിത്യജീവനിൽ എത്തിച്ചേരാനും അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**3. സ്നേഹപിതാവേ,**

ഞങ്ങളുടെ ഓരോരുത്തരുടെയും കുടുംബങ്ങളെസമർപ്പിക്കുന്നു. കുടുംബത്തിലെ ഓരോ വ്യക്തിയും പരസ്പര ഐക്യത്തിലും പ്രാർത്ഥനയിലും വളരാൻ ഓരോരുത്തരേയും അങ്ങ് അനുഗ്രഹിക്കേണമെ. കുടുംബത്തിൽ നിന്ന് ഏതെങ്കിലും വിധത്തിൽ അകന്നുപോയവരേയും, സമാധാനമില്ലാതെ ജീവിക്കുന്നവരേയും ഒരുമിച്ച് കൂട്ടാനും, കുടുംബത്തിലെ ഓരോ അംഗത്തിന്റേയും ജീവിതാനുഭവങ്ങൾ പങ്കുവച്ച് സന്തോഷം പകരുന്ന സാഹചര്യം സിനഡിലൂടെ നേടിയെടുക്കാനും കൃപയേകണമെയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. .

**4. സർവ്വ പരിപാലകനായ ദൈവമേ,**

മനുഷ്യരുടെ സ്വാർത്ഥമായ ആവശ്യങ്ങൾക്കുവേണ്ടി പരസ്പരം ഭിന്നിച്ചു നിൽക്കുന്നതിൽ നിന്ന് ലോകനേതാക്കൾ പിൻമാറുവാനും, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ എല്ലാവരും സാഹോദര്യത്തോടും ഐക്യത്തോടും കൂടെ ലോകസമാധാനത്തിനുവേണ്ടി ഒത്തൊരുമയോടെനിൽക്കാനും വേണ്ട കൃപാവരം നൽകി അനുഗ്രഹിക്കണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**5. ജീവനും പുനഃരുത്ഥാനവുമായ ദൈവമേ,**

അങ്ങ് ഞങ്ങൾക്ക് നിത്യജീവൻ വാഗ്ദാനം ചെയ്തുവല്ലോ. സിനഡാത്മക സഭയുടെ ഭാഗമായിരുന്ന് ഇഹലോകവാസം വെടിഞ്ഞ എല്ലാ വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ഇവരുടെ പാപങ്ങൾ പൊറുക്കുകയും അങ്ങയുടെ തിരുമുഖം കാണുവാനും അങ്ങയോടൊന്നിച്ച് ദൈവരാജ്യത്തിൽ ആയിരിക്കുന്നതിനും വേണ്ട കൃപനൽകണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.